# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.901 08.01.2014-ൽ മറുപടിക്ക്**

## കുടിവെള്ളപദ്ധതികൾ

| **ചോദ്യം**<br>ശ്രീ.കെ.രാധാകൃഷ്ണൻ | **മറുപടി**<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) കഴിഞ്ഞവരൾച്ചാകാലത്ത് ബഹു.മുഖ്യമന്ത്രി പങ്കെടുത്തുകൊണ്ട് ചേർന്നയോഗത്തിൽ തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കുവാൻ തീരുമാനിച്ച വിവിധ കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (എ) പ്രസ്തുത തീരുമാനപ്രകാരം, തൃശ്ശൂർ ജില്ലയിൽ പഞ്ചായത്തുകൾ വഴി മൊത്തം 153 പ്രവൃത്തികൾക്ക് (തൃശ്ശൂർ ഡിവിഷന് 71 ഇരിങ്ങാലക്കുട ഡിവിഷന് 82) അനുമതി നൽകി. അതിൽ 131 പ്രവൃത്തികളും പൂർത്തീകരിച്ചു. |
| (ബി) ഈ പദ്ധതികൾക്കുവേണ്ടി അനുവദിച്ച തുക എത്രയാണെന്നും അവ നടപ്പിലാക്കിയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ ; | (ബി) പ്രസ്തുത പ്രവൃത്തിക്ക് വേണ്ടി തൃശ്ശൂർ ഡിവിഷന് 152.55 ലക്ഷം രൂപയും ഇരിങ്ങാലക്കുട ഡിവിഷന് 119 ലക്ഷം രൂപയും വീതം ആകെ 271.55 ലക്ഷം രൂപയുമാണ് അനുവദിച്ചത്. |

........2

| | | | |
|---|---|---|---|
| (സി) | പ്രസ്തുത യോഗതീരുമാനപ്രകാരം പദ്ധതികളെല്ലാം പൂർത്തിയാക്കി കുടിവെള്ളക്ഷാമം പരിഹരിച്ചിട്ടുണ്ടോ; | (സി) & (ഡി) | പ്രസ്തുത പ്രവൃത്തികളിൽ 131 എണ്ണം പൂർത്തീകരിച്ചു. തൃശ്ശൂർ ഡിവിഷന്റെ കീഴിൽ 11 ഉം ഇരിങ്ങാലക്കുട ഡിവിഷന്റെ കീഴിൽ 4 ഉം പ്രവൃത്തികൾ ഉപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. തൃശ്ശൂർ ഡിവിഷന്റെ കീഴിൽ 7 പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. അനുയോജ്യമായ വാൽവ് ലഭിക്കാത്തതിനാലും, മെറ്റീരിയൽസ് സപ്ലൈ ചെയ്യിട്ടില്ലാത്തതിനാലുമാണ് ഇവ പൂർത്തീകരിക്കാൻ കഴിയാത്തത്. |
| (ഡി) | ഇല്ലെങ്കിൽ അവശേഷിക്കുന്നവ ഏതെല്ലാമാണെന്നും എന്തു കൊണ്ടാണ് അവ പൂർത്തിയാക്കാൻ കഴിയാത്തതെന്നും അറിയിക്കുമോ; | | |
| (ഇ) | യോഗതീരുമാനപ്രകാരമുള്ള പദ്ധതികളിൽ പൂർത്തിയാക്കാൻ കഴിയാത്തവയെപ്പറ്റി ബന്ധപ്പെട്ടവരെക്കൂടി ബോധ്യപ്പെടുത്തി അവ പൂർത്തിയാക്കുവാൻ ശ്രമിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ? | (ഇ) | പൂർത്തിയാകാത്ത പ്രവൃത്തികൾ യഥാസമയം ബന്ധപ്പെട്ട പഞ്ചായത്തുകളെ അറിയിച്ച് പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ